# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3916 24.06.2014- ൽ മറുപടിക്ക്**

**കൈത്തറി സംഘങ്ങൾക്ക് കൊടുക്കവാനുള്ള റിബേറ്റ് കുടിശ്ശിക**

| ചോദ്യം<br>ശ്രീ.പി.കെ.ഗുരുദാസൻ | ഉത്തരം<br>ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
|---|---|
| (എ) റിബേറ്റ് ലഭിക്കാത്തതിനാൽ കൊല്ലം ജില്ലയിലെ കൈത്തറി സംഘങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ ; | (എ) റിബേറ്റ് കുടിശ്ശിക ലഭിക്കാത്തതു മൂലം കൊല്ലം ജില്ലയിലെ കൈത്തറി സംഘങ്ങളുടെ പ്രവർത്തനത്തെ ബാധിക്കുന്നതായി നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. |
| (ബി) സംഘങ്ങൾക്ക് കൊടുക്കാനുള്ള റിബേറ്റ് കുടിശ്ശിക എത്രയെന്നറിയിക്കാമോ; ഈ സർക്കാർ അധികാരമേറ്റ ശേഷം റിബേറ്റ് കുടിശ്ശിക ഇനത്തിൽ എത്ര തുക നല്കി എന്നറിയിക്കുമോ; റിബേറ്റ് കുടിശ്ശിക ഉടൻ നല്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) പരിശോധന പൂർത്തിയാക്കിയ അപേക്ഷകളനുസരിച്ച് സംഘങ്ങൾക്ക് 63,98,235/- രൂപ കുടിശ്ശിക കൊടുക്കുവാനുണ്ട്. എന്നാൽ റിബേറ്റ് അപേക്ഷ പാസ്സാക്കാനുള്ളതും ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ അർഹത പരിശോധിച്ച് വരുന്നതുമായ അപേക്ഷകളും ഉൾപ്പടെ ഏകദേശം 7 കോടി 80 ലക്ഷം രൂപ വരും. എന്നാൽ അപേക്ഷകൾ പരിശോധിച്ചതിനു ശേഷമേ അർഹതപ്പെട്ട തുക എത്രയെന്ന് നിശ്ചയിക്കാൻ കഴിയൂ. ഈ സർക്കാർ അധികാരമേറ്റ ശേഷം ഇതു വരെ റിബേറ്റിനത്തിൽ 16,31,47,656/- രൂപ സംഘങ്ങൾക്കും ഹാന്റക്സ്, ഹാൻവീവ് എന്നിവർക്കുമായി നൽകിയിട്ടുണ്ട്. 2014-2015 ലെ ബഡ്ജറ്റിൽ 4.4 കോടി രൂപ വകയിരുത്തിട്ടുണ്ട്. |

ഇതിനു പുറമേ ബഡ്ജറ്റ് പ്രസംഗത്തിൽ 7 കോടി രൂപ റിബേറ്റ് കുടിശ്ശിക തീർക്കുന്നതിനായി നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. 7 കോടി രൂപ കൂടി അനുവദിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ക്യാഷ് ക്രെഡിറ്റ് അക്കൗണ്ടിൽ പലിശ കുടിശ്ശിക ഉള്ളതിനാൽ പ്രസ്തുത അക്കൗണ്ടിൽ വില്പന തുക നിക്ഷേപിച്ചാൽ സംഘങ്ങൾക്ക് തുക പിൻവലിച്ച് പ്രവർത്തനത്തിന് വിനിയോഗിക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്രഗവൺമെന്റിന്റെ റിവൈവൽ റീഫോം & റീസട്രക്ചറിംഗ് പാക്കേജ് നടപ്പിലാക്കുന്നതു വരെ 14.03.2012 മുതൽ സംഘങ്ങൾക്ക് വില്പന തുക ക്യാഷ് ക്രെഡിറ്റ് അക്കൗണ്ടിലോ, എസ്.ബി.അക്കൗണ്ടിലോ അടയ്ക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ